2025
NOVEMBER
28
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# അപൂർവ ധാതുകാന്തങ്ങളുടെ നിർമാണത്തിന് കേന്ദ്ര അംഗീകാരം

**ന്യൂഡൽഹി:** അപൂർവ ധാതുക്കൾ കൊണ്ടുള്ള കാന്തങ്ങളുടെ നിർമാണത്തിനായി (റെയർ എർത്ത് പെർമനന്റ് മാഗ്നെറ്റ്സ് ആർഇപിഎം) 7,280 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.അഞ്ചു നിർമാതാക്കൾക്ക് ഏഴു വർഷത്തേക്കുള്ളതാണ് ഇത്തരത്തിലുള്ള രാജ്യത്തെ ആദ്യ പദ്ധതി.

ചൈനയുടെ കയറ്റുമതി നിയന്ത്രണങ്ങൾക്കിടയിലാണു പൊടിരൂപത്തിലാക്കുന്ന അപൂർവ ധാതുക്കളുടെ കാന്തനിർമാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ഇന്ത്യ അനുമതി നൽകിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദി മന്ത്രിസഭായോഗത്തിൽ അധ്യക്ഷനായിരുന്നു.

സ്വാശ്രയത്വം, ശുദ്ധ ഊർജം, തൊഴിലവസരങ്ങളുടെ സൃഷ്ടി, ആഗോള മത്സരശേഷി എന്നിവ വർധിപ്പിക്കുന്നതാണു പദ്ധതിയെന്ന് മന്ത്രിസഭാതീരുമാനം വിശദീകരിച്ച കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇതടക്കം മൊത്തം 19,000 കോടി രൂപയുടെ നാലു പദ്ധതികൾക്ക് മന്ത്രിസഭ അംഗീകാരം നൽകി.



ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രോണിക്സ്, എയ്റോസ്പേസ്, പുനരുപയോഗിക്കാവുന്ന ഊർജം, പ്രതിരോധ ആപ്ലിക്കേഷനുകൾ എന്നിവയ്ക്ക് ഇത്തരം സ്ഥിര കാന്തങ്ങൾ (പെർമനൻറെ മാഗ്നെറ്റ്സ്) അത്യന്താപേക്ഷിതമാണ്. സ്ഥിര കാന്തങ്ങളുടെ ഏറ്റവും ശക്തമായ തരങ്ങളിലൊന്നാണ് ആർഇപിഎംകൾ. അപൂർവ ധാതു ഓക്സൈഡുകൾ ലോഹങ്ങളായും ലോഹങ്ങൾ അലോയ്കളായും അലോയ്കൾ പൂർത്തിയായ ആർഇപിഎംകളായും പരിവർത്തനം ചെയ്യുന്നതാണു സംയോജിത പദ്ധതി. 2070ഓടെ നെറ്റ് സീറോ കൈവരിക്കാനുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയിൽ പദ്ധതി സഹായകമാകും. ആഭ്യന്തരമായി പ്രതിവർഷം 6,000 മെട്രിക് ടൺ പൂർണമായി സംയോജിപ്പിച്ച ധാതു കാന്തങ്ങളുടെ നിർമാണ ശേഷിയാണു ലക്ഷ്യം. ആഗോള ആർഇപിഎം വിപണിയിൽ ഇന്ത്യയെ മുൻനിരയിലെത്തിക്കാൻ പദ്ധതി സഹായിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. വർഷംതോറും 1,200 ടൺ വീതമുള്ള അഞ്ചു യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 7,280 കോടി രൂപയുടെ സാമ്പത്തികവിഹിതമാണു സർക്കാർ അനുവദിക്കുക. ഏഴു വർഷത്തേക്കാണു പദ്ധതി. ആദ്യ രണ്ടു വർഷം നിർമാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 750 കോടി രൂപയുടെ മൂലധന സബ്സിഡി നൽകും. പിന്നീടുള്ള അഞ്ചു വർഷത്തേക്ക് ആർഇപിഎം വില്പനയിൽ 6,450 കോടി രൂപയുടെ വില്പന ബന്ധിത പ്രോത്സാഹനങ്ങളും പദ്ധതിയിലുണ്ട്. ആഗോള ബിഡിംഗ് പ്രക്രിയയിലൂടെ അഞ്ചു വ്യവസായികൾക്ക് മൊത്തം ശേഷി അനുവദിക്കുന്നതാണു പദ്ധതി. ഓരോ നിർമാതാവിനും 1,200 ടൺ വരെ ശേഷി അനുവദിക്കും. വൈദ്യുത വാഹനങ്ങൾ, പുനരുപയോഗ ഊർജം, വ്യാവസായിക ആപ്ലിക്കേഷനുകൾ, ഉപഭോക്തൃ ഇലക്ട്രോണിക്സ് എന്നിവയുടെ ആവശ്യകത അതിവേഗം വളരുന്നതിനാൽ, 2030 ആകുമ്പോഴേക്കും രാജ്യത്തിൻറെ ആർഇപിഎം ഉപഭോഗം ഇരട്ടിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

# എലിപ്പനി ബാധിച്ച് ഈ വർഷം സംസ്ഥാനത്ത് 350ലേറെ മരണം; ഡെങ്കിപ്പനി മരണം 69

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഈ വർഷം എലിപ്പനി ബാധിച്ചു മരിച്ചവരുടെ എണ്ണം 350 കടന്നു. ഇതിൽ 203 പേർ രോഗം സ്ഥിരീകരിച്ച ശേഷമാണ് മരിച്ചത്. 149 പേരുടെ മരണകാരണം എലിപ്പനിയാണെന്ന് സംശയിക്കുന്നുവെന്നാണ് ആരോഗ്യവകുപ്പ് വ്യക്തമാക്കുന്നത്. ഈ മാസം മാത്രം 35 പേരാണ് രോഗബാധ മൂലം മരിച്ചത്. ഈ വർഷം ഏതാണ്ട് അയ്യായിരത്തോളം പേരാണ് എലിപ്പനി മൂലം ചികിത്സ തേടിയത്. ഇതുകൂടാതെ, ഡെങ്കിപ്പനി ബാധിച്ച് ഈ വർഷം മരിച്ചത് 69 പേരാണ്. 42 പേർ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചും മരിച്ചിട്ടുണ്ട്.

പനി അടക്കമുള്ള രോഗലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടാൻ വൈകരുതെന്ന് ആരോഗ്യവിദഗ്ധർ മുന്നറിയിപ്പു നൽകുന്നു. പ്രായഭേദമന്യേ ആർക്കും എലിപ്പനി ബാധിക്കാം. ലക്ഷണങ്ങളുണ്ടായിട്ടും ചികിത്സ നീട്ടിക്കൊണ്ടു പോകുന്നവരുടെ നിലയാണ് ഗുരുതരമാകുന്നത്. പനി, തലവേദന, കഠിനമായ ക്ഷീണം, പേശി വേദന തുടങ്ങിയവ പ്രധാന രോഗലക്ഷണങ്ങളാണ്. കടുത്ത ക്ഷീണം നടുവേദന, വയറിളക്കം തുടങ്ങിയ ലക്ഷണങ്ങൾ മാത്രമായും എലിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രോഗാവസ്ഥ അനുസരിച്ച് കണ്ണിൽ ചുവപ്പ് നിറമുണ്ടാകും. പനിയോടൊപ്പം മഞ്ഞപ്പിത്തത്തിന്റെ ലക്ഷണങ്ങൾ കൂടി കണ്ടാൽ എലിപ്പനി സംശയിക്കാം. നേരത്തേ കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ കരൾ, വൃക്ക, ശ്വാസകോശം എന്നിവയെയൊക്കെ ബാധിച്ച് മരണം സംഭവിച്ചേക്കാം. പനി അടക്കമുള്ള ലക്ഷണങ്ങൾ കണ്ടാൽ എത്രയും പെട്ടെന്ന് ഡോക്ടറെ കാണുകയും ശരിയായ ചികിത്സയ്ക്കു വിധേയമാക്കുകയും ചെയ്യണം.

# സൈപ്രസ് പാർലമെന്ററി പ്രതിനിധി സംഘം രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തി



**ന്യൂഡൽഹി:** സൈപ്രസ് പ്രതിനിധി സഭയുടെ പ്രസിഡന്റ് അനീറ്റ ഡിമെട്രിയോയുടെ നേതൃത്വത്തിൽ സൈപ്രസിൽ നിന്നുള്ള പാർലമെന്ററി പ്രതിനിധി  രാഷ്ട്രപതി ദ്രൗപദി മുർമുവുമായി രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തി. ജനാധിപത്യ മൂല്യങ്ങളാലും ശക്തമായ പാർലമെന്ററി പാരമ്പര്യങ്ങളാലും ബന്ധിതരായ അടുത്ത പങ്കാളികളാണ് ഇന്ത്യയും സൈപ്രസുമെന്ന്  സംഘത്തേയും സ്വാഗതം ചെയ്തുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. പങ്കിട്ട തന്ത്രപരമായ കാഴ്ചപ്പാടിലും പരസ്പര ബഹുമാനത്തിലും അധിഷ്ഠിതമായ സൈപ്രസുമായുള്ള പങ്കാളിത്തത്തെ ഇന്ത്യ വിലമതിക്കുന്നുവെന്ന് അവർ അവർ വ്യക്തമാക്കി.

സമീപ വർഷങ്ങളിൽ ഇന്ത്യയും സൈപ്രസും തമ്മിലുള്ള രാഷ്ട്രീയ ബന്ധങ്ങൾ, സാമ്പത്തിക സഹകരണം, പ്രതിരോധ പങ്കാളിത്തം, സാംസ്കാരിക ബന്ധങ്ങൾ എന്നിവ കൂടുതൽ ആഴത്തിലായിട്ടുണ്ടെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ഇന്ത്യ-സൈപ്രസ് സാമ്പത്തിക ബന്ധങ്ങൾക്ക്, വിപുലീകരണത്തിന് വലിയ സാധ്യതയുണ്ടെന്നും അവർ പറഞ്ഞു. ഐക്യരാഷ്ട്രസഭ, യൂറോപ്യൻ യൂണിയൻ, കോമൺവെൽത്ത് ചട്ടക്കൂട് എന്നിവയുൾപ്പെടെയുള്ള ബഹുരാഷ്ട്ര വേദികളിലെ ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത സഹകരണത്തേയും അവർ അഭിനന്ദിച്ചു.

സൈപ്രസ് പ്രതിനിധിസഭയിലെ ആദ്യ വനിതയും ഏറ്റവും പ്രായം കുറഞ്ഞ സ്പീക്കറുമാണ് അനീറ്റ ഡിമെട്രിയോ എന്നത് ഏറെ സന്തോഷകരമാണെന്നും ഇത് സൈപ്രസിലെ സ്ത്രീകൾക്ക് മാത്രമല്ല, ലോകമെമ്പാടുമുള്ള സ്ത്രീകൾക്ക് പ്രചോദനമാണെന്നും രാഷ്ട്രപതി പറഞ്ഞു. ഇന്ത്യയിലെ സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന ജനാധിപത്യ പങ്കാളിത്തത്തെക്കുറിച്ച് രാഷ്ട്രപതി വിശദീകരിച്ചു. പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ ദശലക്ഷക്കണക്കിന് സ്ത്രീകൾ സജീവമായ പൊതുജീവിതത്തിന്റെ ഭാഗമാകുന്നുണ്ട്. പാർലമെന്റിന്റെ അധോസഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സംവരണം ഉറപ്പാക്കിക്കൊണ്ടുള്ള സുപ്രധാന നിയമം പാസാക്കിയിട്ടുണ്ടെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply



# അമേരിക്കൻ തീരുവയെയും മറികടന്ന് ഇന്ത്യയുടെ കുതിച്ചു ചാട്ടം

**ന്യൂഡൽഹി:** അമേരിക്ക ഇന്ത്യയ്ക്കെതിരെ ഏർപ്പെടുത്തിയ തിരിച്ചടി തീരുവയ്ക്കും ഇന്ത്യയുടെ വളർച്ചയെ പിടിച്ചു നിർത്താനോ പ്രതിരോധത്തിൽ ആക്കാനോ കഴിഞ്ഞില്ലെന്ന് റിപ്പോർട്ട്. അമേരിക്ക 50 ശതമാനം തീരുവ ഈടാക്കിയിട്ടും ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള രാജ്യത്തിന്റെ ജിഡിപി വളർച്ചാ നിരക്കിൽ കാര്യമായ കുതിപ്പാണ് ഉണ്ടാവുകയെന്ന് ഇന്ത്യയിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ പ്രവചിക്കുന്നു.

കേന്ദ്രം നവംബർ 26നാണ് ജിഡിപി വളർച്ചാ റിപ്പോർട്ട് പുറത്തു വിടുന്നത്. മൂന്നു മാസ കാലയളവിൽ 7.5 ശതമാനം വളർച്ചാ നിരക്കാവും ഉണ്ടാകുകയെന്ന് പ്രധാന ധനകാര്യ സ്ഥാപനങ്ങൾ വ്യക്തമാക്കുന്നു. എസ് ബിഐ റിസർച്ച് പ്രവചന പ്രകാരം ലോകത്തിലെ ഏറ്റവും വളർച്ചാ നിരക്കുള്ള സമ്പദ് വ്യവസ്ഥ ഇന്ത്യയുടേതായിരിക്കും. റോയിട്ടേഴ്സിന്റെ പ്രവചനം 7.3 ശതമാനം വളർച്ചാ നിരക്ക് എന്നാണ്. റിസർവ് ബാങ്കിന്റെ വിലയിരുത്തൽ ആകട്ടെ ഏഴു ശതമാനത്തിൽ കൂടുതൽ എന്നാണ്.

ഒന്നാം പാദമായ ഏപ്രിൽജൂൺ കാലഘട്ടത്തിൽ 7.8 ശതമാനമായിരുന്നു വളർച്ച. ഓഗസ്റ്റ് മുതലാണ് തിരിച്ചടി തീരുവ 50 ശതമാനം ആയി അമേരിക്കയുടെ തീരുവ ഇന്ത്യയെ ബാധിച്ചത്. കയറ്റുമതി മേഖല ഉലഞ്ഞെങ്കിലും ആഭ്യന്തര വിപണിയുടെ കരുത്ത് ഇന്ത്യയ്ക്ക് ശക്തി പകർന്നു. സമയോചിതമായ ജിഎസ് ടി വെട്ടിക്കുറച്ച തീരുമാനം ഉപഭോക്തൃ ഡിമാൻഡ് കുതിക്കാൻ സഹായിച്ചു. കാർഷിക ഉൽപാദനം മെച്ചപ്പെട്ടതും സമ്പദ് വളർച്ചയ്ക്ക് കരുത്തായി.

2025 അവസാനിക്കുന്നതിനു മുമ്പ് അമേരിക്കയുമായുള്ള വ്യാപാരക്കരാർ കൂടി വരുന്നതോടെ കൂടുതൽ വളർച്ചാ സാധ്യതയാണ് കണക്കാക്കുന്നത്. യുഎസിനു പുറമേ യൂറോപ്യൻ യൂണിയൻ, ന്യൂസിലൻഡ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളുമായി കരാർ ആവുന്നതോടെ വളർച്ച അതിവേഗമാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY




# പ്രദർശനത്തിനൊരുങ്ങി ബൊട്ടാണിക്കൽ ഗാർഡൻ

**തേഞ്ഞിപ്പാലം:** കാലിക്കട്ട് സർവകലാശാല സസ്യോദ്യാനം പ്രദർശനത്തിനൊരുങ്ങുന്നു. ലോകത്തിലെ ഏറ്റവും വലിയ ഇലയോടുകൂടിയ ആനത്താമര, ഇരപിടിയൻ സസ്യങ്ങൾ, കൃഷ്ണമരം, ശിംശപാവൃക്ഷം, നാഗലിംഗമരം, ഊർദ്ധമൂല വൃക്ഷം, ഊദ്, ആനവിരട്ടി, കാട്ടു തെങ്ങ്, രാജപ്പന, എലഫന്റ് ആപ്പിൾ, ഓട്ടോഗ്രാഫ് മരം എന്നിവയെല്ലാം കാഴ്ചക്കാരുടെ ശ്രദ്ധയാകർഷിക്കും.

സസ്യോദ്യാനത്തിന്റെ പ്രവേശന വഴിയിൽ സ്വർണവർണത്തിൽ തിളങ്ങുന്ന അരാക്കിഷ് പൂക്കൾ പരവതാനി വിരിച്ചിരിക്കുകയാണ്. പ്രദർശനം 28 ന് രാവിലെ 9.30 ന് വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും. രാവിലെ 9.30 മുതൽ വൈകുന്നേരം ആറ് വരെയാണ് പ്രവേശന സമയം. 33 ഏക്കറോളം വ്യാപിച്ചു കിടക്കുന്ന ഉദ്യാനം സർവകലാശാല ബൊട്ടാണിക്കൽ ഗാർഡനുകളിൽ ഏറ്റവും വലുതാണ്. 2023ൽ കേന്ദ്ര ജൈവവൈവിധ്യ അഥോറിറ്റിയുടെ ദേശീയ ജൈവവൈവിധ്യ പൈതൃക കേന്ദ്രമെന്ന അംഗീകാറാവും ലഭിച്ചു. പ്രദശനത്തിന്റെ ഭാഗമായി കാലിക്കട്ട് സർവകലാശാല പാർക്കും തുറന്നു കൊടുക്കുന്നുണ്ട്. ബൊട്ടാണിക്കൽ ഗാർഡൻറെയും യൂണിവേഴ്സിറ്റി പാർക്കിന്റെയും സ്റ്റാളുകളിൽ അലങ്കാരസസ്യങ്ങളുടെയും വൃക്ഷയിനങ്ങളുടെയും തൈകളും ലഭ്യമാകും.

# കായൽ മലിനീകരണം രൂക്ഷം: കക്കാത്തൊഴിലാളി കുടുംബങ്ങൾ പ്രതിസന്ധിയിൽ

**തുറവൂർ:** കായൽ മലിനീകരണം മൂലം കക്കവാരൽ തൊഴിലാളികൾ പ്രതിസന്ധിയിൽ. വേമ്പനാട്ട് കായലിന്റെ കൈവഴികളിൽ കക്ക വാരി ഉപജീവനം തേടുന്ന നൂറുകണക്കിന് തൊഴിലാളി കുടുംബങ്ങളാണ് കക്ക ഇല്ലാത്തതുമൂലം പട്ടിണിയിലായത്. മത്സ്യസംസ്കരണ ശാലകൾ ഉൾപ്പെടെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നു കായലിലേക്ക് ഒഴുക്കി വിടുന്ന രാസമാലിന്യങ്ങൾ നിറഞ്ഞ മലിന ജലമാണ് വെളുത്തുള്ളി, കുമ്പളങ്ങി, ഇടക്കൊച്ചി, കുമ്പളം, കൈതപ്പുഴ കായലിലെ കക്കാ പ്രജനനത്തെ പ്രതികൂലമായി ബാധിക്കുന്നത്.



വേമ്പനാട്ട് കായലിന്റെ കൈവഴികളായ വെളുത്തുള്ളി, കുമ്പളങ്ങി, കല്ലഞ്ചേരി, ഇടക്കൊച്ചി, കുമ്പളം, കൈതപ്പുഴ, വളന്തകാട്, ചേപ്പനം, പറവൂർ, പൂത്തോട്ട, ഉദയംപേരൂർ, വൈക്കം കായലുകളിൽ നിന്നു കക്കവാരി ഉപജീവനം തേടുന്ന ചേർത്തല താലൂക്കിലെ പരമ്പരാഗത തൊഴിലാളികളാണ് വരുമാനമാർഗം നിലച്ച് ദുരിതത്തിലായത്. കടുത്ത കായൽ മലിനീകരണം മൂലമാണ് മത്സ്യ സമ്പത്തിനൊപ്പം കക്കയും കുറയുന്നതെന്ന് തൊഴിലാളികൾ പറയുന്നു.

ഒട്ടേറെ കുടുംബങ്ങൾ പതിറ്റാണ്ടുകളായി കക്കാതൊഴിലാളികളാണ്. പണ്ടുകാലത്ത് വീടിന് സമീപത്തുള്ള കായലിൽ ഇറങ്ങി കക്ക വാരുന്നവർ ഇപ്പോൾ വൈക്കം, മുറിഞ്ഞപുഴ, ഉദയംപേരൂർ, ചേപ്പനം തുടങ്ങിയ വിദൂരങ്ങളിൽ പോയി കക്ക വാരേണ്ട ഗതികേടിലാണ്. അരൂർ ആഞ്ഞിലിക്കാട് നിന്നു പുലർച്ചെ 4ന് എൻജിൻ ഘടിപ്പിച്ച ചെറുവള്ളത്തിൽ ഇവിടങ്ങളിൽ എത്തി കക്ക വാരുന്ന തൊഴിലാളികൾ ഉച്ചയ്ക്ക് ഒന്നിന് വീടുകളിലെത്തി കക്കാ പുഴുങ്ങി നാലോടെ ചന്തയിലും വീടുകളിലുമെത്തിച്ച് ആവശ്യക്കാർക്കു നൽകും. രാവും പകലുമായി 2 തൊഴിലാളികൾ നടത്തുന്ന അധ്വാനത്തിന് ഇപ്പോൾ 800 മുതൽ 1000 രൂപവരെയാണ് ലഭിക്കുന്നത്. കായൽ രൂക്ഷമായ മലിനീകരണം നേരിട്ടതോടെ കക്കാ തൊഴിലാളികൾ പട്ടിണിയിലാകുകയാണെന്ന് അരൂർ പുതുവൽനികർത്ത് കെ.പി.ചെല്ലപ്പനും കളത്തിൽ കെ.സി.കുഞ്ഞപ്പനും പറയുന്നു. പരമ്പരാഗത കക്കാ തൊഴിലാളി കുടുംബത്തിൽപ്പെട്ടവരാണിവർ. യാതൊരാനുകൂല്യവും സർക്കാരിൽ നിന്ന് ഈ തൊഴിലിൽ ഇവർക്കു ലഭിച്ചിട്ടില്ല. കുത്തിയതോടുള്ള കക്ക വ്യവസായ തൊഴിലാളി സഹകരണ സംഘം മാത്രമാണ് ഏക ആശ്രയം. അരൂർ മുതൽ കുത്തിയതോട് വരെ ആയിരത്തിലേറെ കുടുംബങ്ങൾ കക്കാ സംഘത്തിൽ അംഗങ്ങളായിട്ടുണ്ട്.

## സീറ്റൊഴിവ്

**കൊച്ചി:** എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ, 2025-26 അധ്യയന വർഷത്തിൽ ബി. കോം പഞ്ചവത്സര എൽ. എൽ. ബി. കോഴ്സിൽ ജനറൽ വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അപേക്ഷകർ ഒക്ടോബർ 10 ന് കേരളത്തിലെ എൻട്രൻസ് കമ്മീഷണർ പ്രസിദ്ധീകരിച്ച എലിജിബിൾ ലിസ്റ്റ് രണ്ടിൽ ഉൾപ്പെടുന്നവരും കേരളത്തിലെ മറ്റേതെങ്കിലും കോളേജുകളിൽ പ്രവേശനം നേടാത്തവരും ആയിരിക്കണം. നവംബർ 28 ന് രാവിലെ 10 മുതൽ 12 വരെ അപേക്ഷകൾ നേരിട്ട് സ്വീകരിക്കും. അപേക്ഷകർ രക്ഷിതാവിനോടൊപ്പം അസൽ രേഖകളും പകർപ്പും സഹിതം കോളേജിൽ ഹാജരാകണം.

## ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ: പരീക്ഷ ഡിസംബറിൽ ആരംഭിക്കും

**തിരുവനന്തപുരം:** സ്കോൾ കേരളഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ രണ്ടാം ബാച്ചിന്റെ പൊതു പരീക്ഷ ഡിസംബർ 21ന് ആരംഭിക്കും. തിയറി പരീക്ഷ 2025 ഡിസംബർ 21, 2026 ജനുവരി 03, 04 തീയതികളിലും, പ്രായോഗിക പരീക്ഷ 2025 ഡിസംബർ 26, 27, 28, 29, 30 തീയതികളിലും, അതത് പഠന കേന്ദ്രങ്ങളിൽ നടത്തും.

പരീക്ഷാ ഫീസ് 1200 രൂപ. പിഴ കൂടാതെ ഡിസംബർ 5 വരെയും 100 രൂപ പിഴയോടെ ഡിസംബർ 12 വരെയും അടയ്ക്കാം. യോഗ പഠിതാക്കൾക്ക് നൽകിയിട്ടുള്ള യൂസർനെയിമും (ആപ്ലിക്കേഷൻ നമ്പർ) പാസ് വേഡും (ജനന തീയതി) ഉപയോഗിച്ച് സ്കോൾ കേരളയുടെ വെബ്സൈറ്റായ www.scolekerala.org വഴി ഫീസ് അടയ്ക്കാം.

സ്കോൾ കേരള വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന അപേക്ഷാഫോം പൂരിപ്പിച്ച്, ഫീസ് ഒടുക്കിയ ഓൺലൈൻ രസീത്, സ്കോൾകേരള അനുവദിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട പഠനകേന്ദ്രം പ്രിൻസിപ്പൽമാർക്ക് അപേക്ഷ സമർപ്പിക്കണം. ഇന്റേണൽ പരീക്ഷക്ക് 40 ശതമാനം മാർക്കും സമ്പർക്ക ക്ലാസിലെ 80 ശതമാനം ഹാജരുമാണ് പരീക്ഷ എഴുതാനുള്ള യോഗ്യത.

യോഗ ഒന്നാം ബാച്ച് (2024 മെയ്) പൊതുപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും വിവിധ കാരണങ്ങളാൽ പൂർണ്ണമായോ/ഏതെങ്കിലും വിഷയങ്ങൾ മാത്രമായോ എഴുതാൻ കഴിയാതെവരികയും ചെയ്ത വിദ്യാർഥികൾക്കും ഏതെങ്കിലും വിഷയത്തിൽ നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്കും ഡിസംബറിലെ പരീക്ഷയ്ക്ക് അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 04712342950, 2342271, 2342369.

## തീയതി നീട്ടി

**തിരുവനന്തപുരം:** ഹയർ സെക്കൻഡറി, നോൺ വൊക്കേഷണൽ അധ്യാപക നിയമനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യതാ നിർണയ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ 10 വൈകിട്ട് 5 വരെ ദീർഘിപ്പിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ വിവരങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ ഡിസംബർ 11, 12, 13 തീയതികളിൽ മാറ്റം വരുത്താം. നോൺ ക്രീമിലെയർ വിഭാഗത്തിൽപ്പെടുന്നവർ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അസൽ (2024 ഒക്ടോബർ 30നും 2025 ഡിസംബർ 13നും ഇടയിൽ ലഭിച്ചതായിരിക്കണം) സെറ്റ് പാസാകുന്ന പക്ഷം ഹാജരാകണം.

## ക്ഷേത്രനിർമ്മാണത്തിന് അനുമതി നിഷേധം: എരുമേലി പഞ്ചായത്തിന് ഹൈക്കോടതി നോട്ടീസ

**കൊച്ചി:** എരുമേലിയിൽ പുതിയ ക്ഷേത്രം നിർമ്മിക്കാൻ അനുമതി നിഷേധിച്ച സിപിഎമ്മിന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് ഭരണസമിതിക്കെതിരെ ശ്രീഭൂതനാഥ സേവാ സംഘം ചാരിറ്റബിൾ ട്രസ്റ്റ് സമർപ്പിച്ച ഹർജി ഹൈക്കോടതി ഫയലിൽ സ്വീകരിച്ച് എതിർകക്ഷിക്ക് നോട്ടീസ് അയക്കാൻ നിർദ്ദേശിച്ചു. ശ്രീഭൂതനാഥ സേവാ സംഘം ചാരിറ്റബിൾ ട്രസ്റ്റിനു വേണ്ടി ഫൗണ്ടർ ട്രസ്റ്റിമാരായ ജോഷി പി, ആർ. വേണുഗോപാൽ വിജി തമ്പി എന്നിവർ നൽകിയ ഹർജിയാണ് ഹൈക്കോടതി ഫയലിൽ സ്വീകരിച്ചത്.

എരുമേലി തെക്ക് വില്ലേജിലെ ബ്ലോക്ക് നമ്പർ 24 ലെ വസ്തുവിൽ വാപുര സ്വാമിക്ക് ഷേത്രം നിർമ്മിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് ശ്രീഭൂതനാഥ സേവാ സംഘം ചാരിറ്റബിൾ ട്രസ്റ്റ് എരുമേലി ഗ്രാമപ്പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും പഞ്ചായത്ത് ഭരണസമിതി പ്രത്യേക യോഗം കൂടി അപേക്ഷ തള്ളിക്കളയുകയായിരുന്നു. തുടർന്നാണ് ട്രസ്റ്റ് ഹൈക്കോടതിയിൽ ഹർജി നൽകിയത്. സാമുദായികപരമായി ഭിന്നതയുണ്ടാകുമെന്ന വാദം നിരത്തി ഏകപക്ഷീയമായി ക്ഷേത്ര നിർമ്മാണത്തിനുള്ള അനുമതി പഞ്ചായത്ത് ഭരണസമിതി നിഷേധിക്കുകയായിരുന്നുമെന്നും ഇതുമായി ബന്ധപ്പെട്ട് എതെങ്കിലും വിധത്തിലുള്ള തെളിവുകൾ ചൂണ്ടിക്കാണിക്കുകയോ അപേക്ഷകരായ തങ്ങളെ കേൾക്കുകയോ പോലും പഞ്ചായത്ത് ചെയ്തില്ലെന്നും ഹരജിയിൽ ട്രസ്റ്റ് ചൂണ്ടിക്കാട്ടി.

ക്ഷേത്ര നിർമ്മാണം നിഷേധിക്കമൂലം ഭരണഘടനാ ലംഘനമാണ് എരുമേലി പഞ്ചായത്ത് ഭരണ സമിതി നടത്തിയത്. ക്ഷേത്രനിർമ്മാണത്തിന് അനുമതി നൽകാൻ എരുമേലി പഞ്ചായത്തിന് നിർദ്ദേശം നൽകണമെന്നും ഇവർ ഹർജിയിൽ ആവശ്യപ്പെട്ടു. ഹർജി ഫയലിൽ സ്വീകരിച്ച ഹൈക്കോടതി സിംഗിൾ ബെഞ്ച് നോട്ടീസ് അയക്കാൻ നിർദ്ദേശിച്ചു




# ഭരത് ചന്ദ്രൻ വീണ്ടും വരുന്നു

## 4K അറ്റ്മോസിൽ റിലീസിനൊരുങ്ങി കമ്മീഷണർ

ഭരത്ചന്ദ്രൻ ഐപിഎസ് വീണ്ടും പ്രേക്ഷകർക്കു മുന്നിൽ ജനുവരിയിൽ എത്തുന്നു. നൂതന സാങ്കേതിക മികവിൽ 4k അറ്റ്മോസിൽ റീ മാസ്റ്റർ ചെയ്തു കൊണ്ടാണ് കമ്മീഷണർ എത്തുന്നത്.

രൺജി പണിക്കരുടെ തിരക്കഥയിൽ ഷാജി കൈലാസ് സംവിധാനം ചെയ്ത ചിത്രമാണ് കമ്മീഷണർ. സുരേഷ് ഗോപി എന്ന നടനെ സൂപ്പർ താര പദവിയിലേക്ക് നയിച്ച കഥാപാത്രം കൂടിയായിരുന്നു ഭരത് ചന്ദ്രൻ ഐപിഎസ്.


സുനിതാ പ്രൊഡക്ഷൻസിന്റെ ബാനറിൽ എം. മണിയാണ് ഈ ചിത്രം നിർമിച്ചത്. രതീഷ്, ശോഭന, രാജൻ പി.ദേവ്, വിജയ രാഘവൻ, ബൈജു സന്തോഷ്,ഗണേഷ് കുമാർ തുടങ്ങിയ പ്രമുഖ താരങ്ങളും. പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചു.

പുതിയ കമ്മീഷണറിൽ പശ്ചാത്തല സംഗീതം പുനരാവിഷ്ക്കാരം നടത്തിയിരിക്കുന്നത് ബെന്നി ജോൺസാണ്. സംഗീതം രാജാമണി. ഛായാഗ്രഹണം ദിനേശ് ബാബു. എഡിറ്റിംഗ് എൽ. ഭൂമിനാഥൻ. കലാസംവിധാനം ബോബൻ.

4K റീമാസ്റ്ററിംഗ് നിർമാണം ഷൈൻ വി.എ., മെല്ലി വി.എ, ലൈസൺ ടി.ജെ. ഡിസ്ടി ബ്യൂഷൻ ഹെഡ് ഹർഷൻ ടി. കളറിംഗ് ഷാൻ ആഷിഫ്, അറ്റ്മോസ് മിക്സിംഗ് ഹരി നാരായണൻ.

മാർക്കറ്റിംഗ് ഹൈസിൻ ഗ്ലോബൽ വെഞ്ചേഴ്സ്, പ്രൊഡക്ഷൻ കൺട്രോളർ അരോമ മോഹൻ. പിആർഒ വാഴൂർ ജോസ്.






## അയ്യപ്പന്റെ ചരിത്ര കഥയുമായി

# വീരമണികണ്ഠൻ

വൺ ഇലവൻ സ്റ്റുഡിയോസ്, പൈബ്രദേഴ്സ് എന്നീ ബാനറിൽ മഹേഷ് കേശവ്, സജി എസ്. മംഗലത്ത് എന്നിവർ സംവിധാനം ചെയ്യുന്ന വീരമണകണ്ഠൻ എന്ന 3D ചിത്രത്തിന്റെ പൂജാ എരുമേലി ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിൽ നടന്നു.

ചിത്രത്തിന്റെ അണിയറ പ്രവർത്തകരും ബന്ധുമിത്രാദികളും ദേവസ്വം ഭാരവാഹികളും ചടങ്ങിൽ പങ്കെടുത്തു. മുൻ ചീഫ് സെക്രട്ടറിയും സംസ്ഥാന അവാർഡ് ജേതാവും ഗാന രചയിതാവുമായ കെ ജയകുമാർ ഐഎഎസ് ആണ് ഈ ചിത്രത്തിനു വേണ്ടി തിരക്കഥയൊരുക്കുന്നത്.

വീരമണികണ്ഠൻ ശബരിമല ശ്രീഅയ്യപ്പന്റെ ചരിത്രകഥയാണ് പറയുന്നത്. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി തുടങ്ങിയ ഭാഷകളിലായി ചിത്രീകരിക്കുന്ന ഈ ചിത്രത്തിൽ വിവിധ ഭാഷകളിൽ നിന്നുള്ള പ്രമുഖ താരങ്ങൾ അണിനിരക്കുന്നു.

ചീഫ് അസോസിയേറ്റ് ഡയറക്ടർ അനിൽ മേടയിൽ. നിർമാണ നിർവഹണം അനീഷ് പെരുമ്പിലാവ്. മണ്ഡലകാലത്ത് ഈ ചിത്രത്തിൻറെ ചിത്രീകരണം ആരംഭിക്കുന്നു.

ശബരിമല, പമ്പ, നിലയ്ക്കൽ, സത്രം, എരുമേലി എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാകും. പിആർഒവാഴൂർ ജോസ്.

# മമ്മൂട്ടി ചിത്രം കളങ്കാവൽ ഡിസംബർ 5 ന്

മമ്മൂട്ടി, വിനായകൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ജിതിൻ കെ. ജോസ് സംവിധാനം നിർവഹിച്ച കളങ്കാവലിന്റെ റിലീസ് തീയതി പുറത്ത്. ഡിസംബർ 5 നാണ് ചിത്രം ആഗോള റിലീസായി എത്തുന്നത്. മമ്മൂട്ടി കമ്പനി നിർമ്മിക്കുന്ന ഈ ചിത്രം വേഫറർ ഫിലിംസ് കേരളത്തിൽ വിതരണത്തിനെത്തിക്കുന്നു. ജിഷ്ണു ശ്രീകുമാറും ജിതിൻ കെ ജോസും ചേർന്ന് തിരക്കഥ രചിച്ച കളങ്കാവൽ മമ്മൂട്ടി കമ്പനിയുടെ ബാനറിൽ നിർമ്മിക്കുന്ന ഏഴാമത്തെ ചിത്രമാണ്. നേരത്തെ നവംബർ 27 ന് റിലീസ് പ്രഖ്യാപിച്ചിരുന്ന ചിത്രം ഡിസംബർ അഞ്ചിലേക്ക് റിലീസ് നീട്ടുകയായിരുന്നു. ദുൽഖർ സൽമാൻ നായകനായെത്തിയ സൂപ്പർഹിറ്റ് ചിത്രം കുറുപ്പിന്റെ കഥ ഒരുക്കി ശ്രദ്ധ നേടിയ ജിതിൻ കെ ജോസ് ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രമാണ് കളങ്കാവൽ.




നേരത്തെ പുറത്തു വന്ന ചിത്രത്തിന്റെ ട്രെയ്‌ലർ വമ്പൻ പ്രേക്ഷക ശ്രദ്ധയാണ് നേടിയെടുത്തത്. മമ്മൂട്ടി എന്ന മഹാനടന്റെ മാജിക് ഒരിക്കൽ കൂടി വെള്ളിത്തിരയിൽ എത്തുമെന്ന സൂചനയാണ് ട്രെയ്‌ലർ നൽകിയത്. ഒരു ക്രൈം ഡ്രാമയായി ഒരുക്കിയ ചിത്രത്തിൽ, മമ്മൂട്ടിക്കൊപ്പം ഗംഭീര പ്രകടനം കൊണ്ട് വിനായകനും കയ്യടി നേടുമെന്നും ട്രെയ്‌ലർ കാണിച്ചു തരുന്നുണ്ട്. ട്രെയ്‌ലറിന് മുൻപ് പുറത്ത് വന്ന, ചിത്രത്തിലെ 'നിലാ കായും' എന്ന വരികളോടെ ആരംഭിക്കുന്ന ഗാനത്തിനും മികച്ച പ്രേക്ഷക പ്രതികരണമാണ് ലഭിച്ചത്.

എട്ട് മാസത്തെ ഇടവേളക്ക് ശേഷം തീയേറ്ററുകളിൽ എത്തുന്ന മമ്മൂട്ടി ചിത്രമെന്ന നിലയിൽ വലിയ ആവേശത്തോടെയാണ് മലയാള സിനിമാ പ്രേമികൾ കളങ്കാവൽ കാത്തിരിക്കുന്നത്. ചിത്രത്തിന്റെ ടീസർ, പോസ്റ്ററുകൾ എന്നിവയും പ്രേക്ഷകർക്കിടയിൽ വലിയ പ്രതികരണം നേടിയിരുന്നു. മമ്മൂട്ടിയുടെ കരിയറിലെ തന്നെ ഏറ്റവും വ്യത്യസ്തമായ ഒരു വേഷപ്പകർച്ചയുമായി എത്തുന്ന ചിത്രത്തെ കുറിച്ച് വലിയ പ്രതീക്ഷയും ആകാംഷയുമാണ് പ്രേക്ഷകർക്കുള്ളത്.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ജോർജ് സെബാസ്റ്റ്യൻ, ഛായാഗ്രഹണം ഫൈസൽ അലി, സംഗീതം: മുജീബ് മജീദ്, എഡിറ്റർ: പ്രവീൺ പ്രഭാകർ, ലൈൻ പ്രൊഡ്യൂസർ സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ അരോമ മോഹൻ, പ്രൊഡക്ഷൻ ഡിസൈനർ ഷാജി നടുവിൽ, ഫൈനൽ മിക്സ്: എം ആർ രാജാകൃഷ്ണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ ബോസ്, മേക്കപ്പ് അമൽ ചന്ദ്രൻ, ജോർജ് സെബാസ്റ്റ്യൻ, വസ്ത്രാലങ്കാരം അഭിജിത്ത് സി, വരികൾ: വിനായക് ശശികുമാർ, ഹരിത ഹരിബാബു, കളറിസ്റ്റ്: ലിജു പ്രഭാകർ, സംഘട്ടനം: ആക്ഷൻ സന്തോഷ്, സൗണ്ട് ഡിസൈൻ: കിഷൻ മോഹൻ, വിഎഫ്എക്സ് സൂപ്പർവൈസർ: എസ് സന്തോഷ് രാജു, വിഎഫ്എക്സ് കോഓർഡിനേറ്റർ: ഡിക്സൻ പി ജോ, വിഎഫ്എക്സ്: വിശ്വ എഫ് എക്സ്, സിങ്ക് സൗണ്ട്: സപ്ത റെക്കോർഡ്സ്, സ്റ്റിൽസ് നിദാദ്, ടൈറ്റിൽ ഡിസൈൻ: ആഷിഫ് സലീം, പബ്ലിസിറ്റി ഡിസൈൻസ് ആന്റണി സ്റ്റീഫൻ, ആഷിഫ് സലീം, ഡിജിറ്റൽ മാർക്കറ്റിംഗ് വിഷ്ണു സുഗതൻ, ഓവർസീസ് ഡിസ്ട്രിബ്യൂഷൻ പാർട്ണർ ട്രൂത് ഗ്ലോബൽ ഫിലിംസ്, പിആർഒ: വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.



# ഷാജി കൈലാസ് ചിത്രം വരവ്

ഷാജി കൈലാസ് സംവിധാനം ചെയ്യുന്ന വരവ് എന്ന ചിത്രത്തിന്റെ ചിത്രീകരണം പായ്ക്കപ്പായി. ഓൾഗാ പ്രൊഡക്ഷൻസിന്റെ ബാനറിൽ നൈസി റെജി നിർമിക്കുന്ന ഈ ചിത്രത്തിന്റെ ചിത്രീകരണം എഴുപതു ദിവസത്തോളം വ്യത്യസ്ഥമായ ലൊക്കേഷനുകളിലൂടെയാണ് പൂർത്തിയായിരിക്കുന്നത്.

മലയോരമേഖലയുടെ പശ്ചാത്തലത്തിൽ അന്നാട്ടിലെ പ്രമുഖരായ പ്ലാന്റർമാരുടേയും അവർക്കിടയിലെ കിടമത്സരങ്ങളുടേയും, പകയുടേയും, പ്രതികാരത്തിന്റേയും കഥയാണ് ആക്ഷൻ ത്രില്ലർ മൂഡിൽ അവതരിപ്പിക്കുന്നത്.

മൂന്നാർ, മറയൂർ, കാന്തല്ലൂർ, മുണ്ടക്കയം, പാലാ, കോട്ടയം, തേനി, എന്നിവിടങ്ങളിലായാണ് ചിത്രീകരണം പൂർത്തിയായിരിക്കുന്നത്. ജോജു ജോർജ് നായകനായി അഭിനയിക്കുന്ന ഈ ചിത്രത്തിൽ വലിയ താരനിര തന്നെ അണി നിരക്കുന്നു

മുരളി ഗോപി, അർജുൻ അശോകൻ, വിൻസി അലോഷ്യസ്, ബാബുരാജ്, ബൈജു സന്തോഷ്, ദീപക് പറമ്പോൾ, ബിജു പപ്പൻ, സാനിയ ഇയ്യപ്പൻ, ശ്രീജിത്ത് രവി അഭിമന്യു ഷമ്മി തിലകൻ, കോട്ടയം രമേശ്, അസീസ് നെടുമങ്ങാട്, ബോബി കുര്യൻ, അശ്വിൻ കുമാർ, ബാലാജി ശർമ്മ, ചാലി പാലാ, രാധികാ രാധാകൃഷ്ണൻ എന്നിവരും പ്രധാന താരങ്ങളാണ്.

ഇവർക്കൊപ്പം മുൻനായിക സുകന്യയും സുപ്രധാനമായ വേഷത്തിൽ അഭിനയിക്കുന്നു. ഒരു പിടി ഹിറ്റ് ചിത്രങ്ങളുടെ തിരക്കഥാകൃത്തായ എ.കെ. സാജനാണ് തിരക്കഥ രചിച്ചിരിക്കുന്നത്.

ഛായാഗ്രഹണം എസ്. ശരവണൻ. എഡിറ്റിംഗ് ഷമീർ മുഹമ്മദ്. കലാസംവിധാനം സാബു റാം. മേക്കപ്പ് സജി കാട്ടാക്കട. കോസ്റ്റ്യൂം ഡിസൈൻ സമീര സനിഷ്. സ്റ്റിൽസ് ഹരി തിരുമല. ചീഫ് അസോസിയേറ്റ് ഡയറക്ടർസ്യമന്തക് പ്രദീപ്. പ്രൊഡക്ഷൻ മാനേജേർസ് ശിവൻ പൂജപ്പുര, അനിൽ അൻഷാദ്, പ്രൊഡക്ഷൻ എക്സിക്കുട്ടീവ് പ്രതാപൻ കല്ലിയൂർ, പ്രൊഡക്ഷൻ കൺട്രോളർ വിനോദ് മംഗലത്ത്. പിആർഒ വാഴൂർജോസ്.

# കലാവിജ്ഞാനത്തിന്റെ സർവകലാശാലയാകാൻ കൊച്ചി മുസിരിസ് ബിനാലെ



**കൊച്ചി:** സമകാലീന കലാലോകത്തിന്റെ ആഗോളമാതൃക തൊട്ടുമുന്നിൽ നോക്കിക്കാണാനും അനുഭവങ്ങളിൽ നിന്ന് പഠിക്കാനും സാധിക്കുന്ന അവസരമാണ് കൊച്ചിമുസിരിസ് ബിനാലെയുടെ ആറാം ലക്കത്തിൽ സഹകരിക്കുന്ന വോളണ്ടിയർമാർക്ക് ലഭിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗത്തു നിന്നുമെത്തുന്ന ഈ വോളണ്ടിയർമാർക്ക് ബിനാലെയുടെ സുഗമമായ നടത്തിപ്പിന് സഹായിക്കാനും അതിൽ നിന്ന് അവിസ്മരണീയ അനുഭവങ്ങൾ സമ്പാദിക്കാനുമുള്ള അവസരം ലഭിക്കും.

കൊച്ചി ബിനാലെയുടെ മുന്നൊരുക്കങ്ങളിൽ വിവിധ നിലകളിൽ സേവനമനുഷ്ഠിക്കുന്ന കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പുറമെയാണ് അഹമ്മദാബാദിലെ അനന്ത് സർവ്വകലാശാലയിൽ നിന്നുള്ള ബിഎഫ്എ ബിരുദ വിദ്യാർത്ഥികൾ എത്തിയിരിക്കുന്നത്. പ്രതിഷ്ഠാപനകലയുടെ സൗന്ദര്യശാസ്ത്രവും ബിനാലെയുടെ മറ്റ് പ്രത്യേകതകളും അടുത്തറിയുന്നതിനായി ജോലിയിൽ നിന്ന് ഇടവേളയെടുത്തിട്ട് പോലും ഇവിടേയ്ക്ക് വോളണ്ടിയർമാർ എത്തിയിട്ടുണ്ട്.

നിലവിൽ അമ്പതിനോടടുത്ത് സന്നദ്ധപ്രവർത്തകരും ഇന്റേണുകളുമാണ് ബിനാലെയിലുള്ളത്. ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ സമകാലീന കലാമേളയായി കണക്കാക്കപ്പെടുന്ന ബിനാലെയ്ക്കായി 22 വേദികളിൽ ഒരുക്കങ്ങൾ ചെയ്യുന്ന തിരക്കിലാണ് ഇവർ.

സ്ഥലം, മേൽനോട്ടം, സ്കെച്ചിംഗ്, അളവുകളും കണക്കുകൂട്ടലുകളും, ഉൾപ്പെടെയുള്ള പശ്ചാത്തല പ്രവർത്തനങ്ങളിലാണ് ഗുജറാത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സേവനം കാര്യമായി ഉപയോഗിക്കുന്നത്. ഈ സംഘം ഡിസംബർ 15ന് അഹമ്മദാബാദിലേക്ക് മടങ്ങും.

ലാഭേച്ഛയില്ലാത്ത ചാരിറ്റബിൾ ട്രസ്റ്റ് എന്ന നിലയിൽ, കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെ.ബി.എഫ്) ബിനാലെയുടെ ഭാഗമായി കലാവിദ്യാഭ്യാസത്തിന് മികച്ച പ്രാധാന്യമാണ് നൽകി വരുന്നതെന്ന് ചെയർമാൻ ഡോ. വി. വേണു ചൂണ്ടിക്കാണിച്ചു.

ആർട്ട് ബൈ ചിൽഡ്രൻ, സ്റ്റുഡന്റ്സ് ബിനാലെ എന്നിവയ്ക്ക് പുറമെയാണിത്. വോളണ്ടിയർമാർക്കും ഇന്റേണുകൾക്കും പ്രതിഫലവും നൽകുന്നുണ്ട്. ഈ അവസരത്തിനായി അപേക്ഷകൾ ധാരാളമായി വന്നുകൊണ്ടിരിക്കുകയാണ്. 2012ലെ ആദ്യ പതിപ്പ് മുതൽ വിദ്യാർത്ഥികൾക്ക് കൊച്ചി ബിനാലെ മികച്ച പഠന വേദിയാണെന്ന് കെ.എം.ബിയുടെ പ്രസിഡന്റും പ്രശസ്ത ആർട്ടിസ്റ്റുമായ ബോസ് കൃഷ്ണമാചാരി പറഞ്ഞു.

യൂറോപ്പടക്കമുള്ള വിദേശ രാജ്യങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ ലഭിച്ചുവെന്നും അദ്ദേഹം പറഞ്ഞു. ഗോവയിലെ എച്ച്.എച്ച് ആർട് സ്പേസസുമായി ചേർന്ന് കലാകാരൻ നിഖിൽ ചോപ്രയാണ് കെ.എം.ബി ആറാം പതിപ്പ് ക്യൂറേറ്റ് ചെയ്യുന്നത്. ഡിസംബർ 12 ന് ആരംഭിക്കുന്ന ബിനാലെ 110 ദിവസത്തെ പ്രദർശനത്തിന് ശേഷം മാർച്ച് 31 ന് അവസാനിക്കും. ഫോർ ദി ടൈം ബീയിംഗ് എന്നതാണ് ആറാം ലക്കത്തിന്റെ പ്രമേയം.

# കാവസാക്കി രോഗം കൂടുതൽ അഞ്ച് വയസ്സിനു താഴെയുള്ള കുട്ടികളിൽ

**കൊച്ചി :** കുട്ടികളിൽ കാണപ്പെടുന്ന പ്രധാന വാസ്കുലൈറ്റിസുകളിൽ ഒന്നായ കാവസാക്കി രോഗത്തെ കുറിച്ചുള്ള ഏറ്റവും പുതിയ ശാസ്ത്രീയ പുരോഗതികളും നിർണയചികിത്സാ രീതികളും അവതരിപ്പിച്ചുകൊണ്ട് ഇന്ത്യൻ സൊസൈറ്റി ഓഫ് കാവസാക്കി ഡിസീസിന്റെ 8ാമത് നാഷണൽ കോൺഫറൻസ് (NCISKD 2025) കൊച്ചി അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ ഐ.എം.എ ഹൗസിൽ നടന്നു. അഞ്ച് വയസ്സിനു താഴെയുള്ള കുട്ടികളിലാണ് ഏറ്റവും കൂടുതൽ കാവസാക്കി രോഗം ബാധിക്കുന്നത്. നാലു മുതൽ അഞ്ച് ദിവസത്തിലധികം നീളുന്ന ഉയർന്ന പനി, കണ്ണുകളും, ചുണ്ടും നാവും ചുവക്കുക, കൈകാലുകളുടെ വീക്കം, കഴുത്തുവശത്തെ ഗ്രന്ഥികളുടെ വീക്കം മുതലായ ലക്ഷണങ്ങളിലൂടെയാണ് ഈ രോഗം പ്രത്യക്ഷപ്പെടാറുള്ളത്.

രോഗലക്ഷണങ്ങൾ സാധാരണ പനിയോട് സാമ്യമുള്ളതാകുന്നതിനാൽ പലപ്പോഴും നിർണയം വൈകുക പതിവാണ്. എന്നാൽ ഹൃദയത്തിലെ രക്തക്കുഴലുകളിൽ അണുബാധ ഉണ്ടാക്കി ഗുരുതരമായ ഹൃദയപ്രത്യാഘാതങ്ങളിലേക്ക് നയിക്കാൻ ഈ രോഗത്തിന് കഴിവുള്ളതിനാൽ കാലോചിതമായ തിരിച്ചറിയലും ചികിൽസയും അത്യാവശ്യമാണ് എന്ന് വിദഗ്ധർ സമ്മേളനത്തിൽ ചൂണ്ടിക്കാട്ടി. കുട്ടികളുടെ ഹൃദയത്തിൽ മാറ്റങ്ങൾ ഉണ്ടോ എന്നു വിലയിരുത്തുന്നതിനായി ഇക്കോ കാർഡിയോഗ്രാഫി നിരന്തരം നടത്തേണ്ടതുണ്ടെന്നും, പ്രത്യേകിച്ച് ലക്ഷണങ്ങൾ വ്യക്തമായി കാണിക്കാത്ത ശിശുക്കളിൽ പ്രത്യാഘാത സാധ്യത കൂടുതൽ ആയതിനാൽ മാതാപിതാക്കളും പൊതുചികിത്സകരും കൂടുതൽ ജാഗ്രത പുലർത്തണമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു.




സമ്മേളനത്തിൽ പീഡിയാട്രിക് കാർഡിയോളജി, പീഡിയാട്രിക് റ്യൂമറ്റോളജി, ഇമ്മ്യൂണോളജി മേഖലകളിലെ ദേശീയഅന്താരാഷ്ട്ര വിദഗ്ധർ പങ്കെടുത്തു. ജപ്പാനിൽ നിന്ന് ഡോ. കസുയുക്കി ഇകെഡയും കാവസാക്കി രോഗം കണ്ടെത്തിയ ഡോ. ടോമിസാകു കാവസാക്കിയുടെ മകൾ സുബുറ കാവസാക്കിയും പ്രത്യേക അതിഥികളായി സമ്മേളനത്തിൽ പങ്കെടുത്തു.

കൂടാതെ വിവിധ വർക്ക്ഷോപ്പുകൾ, പാനൽ ചർച്ചകൾ, ഗവേഷണ അവതരണങ്ങൾ എന്നിവയും സംഘടിപ്പിച്ചു. കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ. ആർ. കൃഷ്ണകുമാർ (ഓർഗനൈസിംഗ് ചെയർപേഴ്സൺ, ഇന്ത്യൻ സൊസൈറ്റി ഓഫ് കാവസാക്കി ഡിസീസ്), പീഡിയാട്രിക് റ്യൂമറ്റോളജി വിഭാഗം കൺസൽട്ടൻറ് ഡോ. സുമ ബാലൻ (ഓർഗനൈസിംഗ് സെക്രട്ടറി, ഇന്ത്യൻ സൊസൈറ്റി ഓഫ് കാവസാക്കി ഡിസീസ്) എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

# ഭാവ് മൂന്നാം പതിപ്പ് സമാപിച്ചു



**കൊച്ചി:** നവ്യ നടരാജന്റെ അതിമനോഹരമായ ഭരതനാട്യത്തോടെ ദേശീയ നൃത്തോത്സവമായ ഭാവ് മൂന്നാം പതിപ്പിന് തിരശ്ശീല വീണു. പ്രശസ്ത നർത്തകി ചിത്ര വിശ്വേശരന്റെ ശിഷ്യയായ നവ്യ ലോകത്തിലെ വിവിധ വേദികളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. കൊച്ചി നഗരസഭയുടെ ആഭിമുഖ്യത്തിൽ എറണാകുളം ടൗൺ ഹാളിൽ നടന്ന അഞ്ചു ദിവസം നീണ്ട പരിപാടിയിൽ കേരളത്തിനകത്തും പുറത്തുമുള്ള പ്രഗത്ഭരായ നർത്തകർ ചുവടുവച്ചു. ഫെഡറൽ ബാങ്കിന്റെ സഹകരണത്തോടെയാണ് നൃത്തോത്സവം സംഘടിപ്പിച്ചത്. ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടു മുതൽ രാത്രി പത്തു വരെ കുച്ചിപ്പുടി, ഭരതനാട്യം, മോഹിനിയാട്ടം, കഥക് തുടങ്ങി വിവിധ നൃത്തരൂപങ്ങൾ അരങ്ങേറി. ആസ്വാദകരുടെ പങ്കാളിത്തം കൊണ്ടും ഭാവ് ശ്രദ്ധേയമായി. തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുള്ളതിനാൽ ഉദ്ഘാടന, സമാപന പരിപാടികളും മുതിർന്ന കലാകാരൻമാരെ ആദരിക്കുന്ന ചടങ്ങും ഒഴിവാക്കിയിരുന്നു.




# ഹരിത ചട്ട പരിപാലനം; സന്ദേശവുമായി സിഗ്നേച്ചർ ക്യാമ്പയിൻ

**കൊച്ചി:** കലോത്സവേദികളുടെ ഓരോ ഭാഗത്തും കൃത്യമായി ഹരിത ചട്ടം പാലിക്കണം എന്ന സന്ദേശം നൽകിക്കൊണ്ട് സിഗ്നേച്ചർ ക്യാമ്പയിന് തുടക്കമിട്ടു. സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങ് എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര താരം ബിപിൻ ജോർജ്, ശുചിത്വമിഷൻ ജില്ലാ കോഡിനേറ്റർ ഡോ. കെ. എ ശീതൾ മോഹൻ, ജില്ലാ പ്രോഗ്രാം ഓഫീസർ ധന്യ ജോസി, ഗ്രീൻ പ്രോട്ടോക്കോൾ കൺവീനർ ബിനു കെ. വർഗീസ്, കെ. ഡബ്ല്യു ജോസ് റാൽഫ്, ഗ്രീൻ പ്രോട്ടോകോൾ കമ്മറ്റി ചെയർമാൻ ടി. എൻ വിനോദ്, എ.എച്ച്.എസ്.ടി.എ ജില്ലാ സെക്രട്ടറി സി. ജെ റാൽഫി ജോസഫ്, ട്രഷറർ എസ്. ഷെബിൻ, ഇ. ആർ ബിനു, കൊച്ചിൻ കോർപ്പറേഷൻ ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ അന്ന വാലന്റീന എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കലോത്സവത്തിനു വേദിയാകുന്ന സെന്റ് തെരേസാസ്, സെന്റ് മേരീസ്, സെന്റ് ആൽബർട്ട്സ്, സെന്റ് ആന്റണീസ്, ദാറുൽ ഉലും എന്നീ വിദ്യാലയങ്ങളിൽ നിന്ന് 20 ഹരിത വോളണ്ടിയർമാരെ വീതം ഉൾപ്പെടുത്തി നൂറ് അംഗ ഗ്രീൻ ആർമി രൂപീകരിച്ചിട്ടുണ്ട്.

# അമൃതയിൽ 'ക്യാമറ സ്പീക്സ്'

**കൊച്ചി:** കൊച്ചി അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാംപസിൽ ക്യാമറ സ്പീക്സ് സംഘടിപ്പിച്ചു. ഫോട്ടോഗ്രാഫിയെ അടുത്തറിയുന്നതിന് ഒപ്പം മത്സരങ്ങളും ഒരുക്കിയാണ് അമൃത സ്കൂൾ ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സിലെ വിഷൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി കുട്ടികളും അധ്യാപകരും പകർത്തിയ ചിത്രങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. ക്യാമറ സ്പീക്സിൽ ചലച്ചിത്രതാരം വിഷ്ണു ഉണ്ണികൃഷ്ണൻ മുഖ്യാതിഥിയായി. കുട്ടികൾക്ക് ഇത്തരം അവസരങ്ങൾ ലഭിക്കുന്നത് ഭാഗ്യമാണെന്ന് വിഷ്ണു ഉണ്ണികൃഷ്ണൻ പറഞ്ഞു.

അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ് ഡയറക്ടർ ഡോ. യു. കൃഷ്ണകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വിഷൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ. എസ് ദിനേശ് ബാബു, ഗോകുലൻ വേണുഗോപാൽ, അസിസ്റ്റന്റ് പ്രൊഫസർ എം. എ. കൃഷ്ണകുമാർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. മനുഷ്യന്റെ ഭാവികാലം റോബോട്ടുകൾ എങ്ങനെ കയ്യടക്കും എന്ന ആശയത്തിലൂന്നി വിദ്യാർത്ഥികൾ നിർമ്മിച്ച സെറ്റും പഴയകാല ചായക്കടയുടെയും സ്വീകരണമുറിയുടെയും മാതൃകകളും ക്യാമറ സ്പീക്സിൽ ശ്രദ്ധ നേടി. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി വിദ്യാർഥികൾക്കുള്ള ഫോട്ടോഗ്രാഫി മത്സരവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.




# അൾട്രാഫാസ്റ്റ് ചാർജ്ജിങ് പോയിന്റുകൾ സ്ഥാപിക്കാനൊരുങ്ങി മഹീന്ദ്ര

**കൊച്ചി:** 2027 അവസാനത്തോടെ ആയിരത്തോളം ചാർജിങ് പോയിന്റുകളോടു കൂടിയ, 180 കി.വാട്ട് ശേഷിയുള്ള 250 ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച് രാജ്യത്തെ മുൻനിര വാഹന നിർമാതാക്കളായ മഹീന്ദ്ര. ഇന്ത്യയിൽ വൈദ്യുത വാഹന ഉപയോഗം ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ പബ്ലിക് ഇ.വി ചാർജിങ് കേന്ദ്രങ്ങൾ തുറക്കണമെന്ന കേന്ദ്രസർക്കാരിന്റെ ലക്ഷ്യവുമായി യോജിക്കുന്ന സമീപനമാണിത്. ഇതിന്റെ ഭാഗമായി ബംഗളൂരു-ചെന്നൈ ഹൈവേയിലെ ദേശീയപാത 75ൽ ഹോസ്കോട്ടെയിലും, ഡൽഹിയിൽ നിന്ന് ഏകദേശം 50 കിലോമീറ്റർ അകലെ ദേശീയപാത 44ൽ മുർത്തലിലുമായി ആദ്യത്തെ രണ്ട് ചാർജ് ഇൻ സ്റ്റേഷനുകൾ മഹീന്ദ്ര ഉദ്ഘാടനം ചെയ്തു. ഈ രണ്ട് ചാർജിങ് സ്റ്റേഷനുകളിലും ഒരേ സമയം 4 ഇ.വികൾ ചാർജ് ചെയ്യാൻ കഴിയുന്ന രണ്ട് അൾട്രാഫാസ്റ്റ് ചാർജറുകൾ വീതമുണ്ടാവും. മഹീന്ദ്രയുടെ ചാർജ് ഇൻ സ്റ്റേഷനുകളിൽ ഇലക്ട്രിക് ഫോർ വീലറുകൾക്ക് വേഗതയേറിയതും കൂടുതൽ സൗകര്യപ്രദവുമായ ചാർജിങ് നൽകുന്നതിനായി രൂപകൽപന ചെയ്ത 180 കി.വാട്ട് ഡ്യുവൽ ഗൺ ചാർജറുകൾ മാത്രമാണ് ഉണ്ടാവുക. മഹീന്ദ്രയുടെ ഇ.എസ്.യു.വി നിരയായ എക്സ്ഇവി 9ഇ, ബിഇ6, വരാനിരിക്കുന്ന എക്സ്ഇവി 9എസ് എന്നിവ 20 മിനിറ്റിനുള്ളിൽ 20 ശതമാനം മുതൽ 80 ശതമാനം വരെ ചാർജ് ചെയ്യാൻ ഇതിന് കഴിയും. പ്രധാന ദേശീയപാതകളിലും തിരക്കേറിയ സ്ഥലങ്ങളിലുമായിരിക്കും ചാർജ്ബഇൻ സ്റ്റേഷനുകൾ സ്ഥാപിക്കുക. റെസ്റ്റോറന്റുകൾ, കഫേകൾ തുടങ്ങിയ യാത്രാ സൗകര്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും ഓരോ ചാർജിങ് സ്റ്റേഷനുകളും. മഹീന്ദ്രയുടെ ഇഎസ്‌യുവി ഉടമകൾക്ക് ചാർജിങ് സ്റ്റേഷനുകൾ കണ്ടെത്താനും, ചാർജ് ചെയ്യാനും, പണം നൽകാനും മഹീന്ദ്രയുടെ എഐയു ആപ്പ് ഉപയോഗിക്കാം. മറ്റ് ബ്രാൻഡുകളിലെ ഇലക്ട്രിക് വാഹന ഉപയോക്താക്കൾക്ക് ചാർജ്ബഇൻ ബൈ മഹീന്ദ്ര ആപ്പ് വഴിയും മറ്റ് പ്രമുഖ അഗ്രഗേറ്റർ പ്ലാറ്റ്ഫോമുകൾ വഴിയും ഈ ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ ഉപയോഗിക്കാനാവുമെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് ഡിവിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മഹീന്ദ്ര ഇലക്ട്രിക് ഓട്ടോമൊബൈൽ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ നളിനികാന്ത് ഗൊല്ലഗുണ്ട പറഞ്ഞു.

# ഇൻഡസ്ട്രിയൽ ഇ.വി എക്സ്പോയും വ്യവസായി മഹാസംഗമവും

**കൊച്ചി:** കേരള വ്യവസായ വകുപ്പിന്റേയും, കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെയും സഹകരണത്തോടെ കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷനും, മെട്രോമാർട്ടും ചേർന്ന് സംഘടിപ്പിക്കുന്ന രണ്ടാമത് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽഇ.വി എക്സ്പോയും വ്യവസായി മഹാസംഗമവും 2026 ജനുവരി 16, 17, 18 തീയതികളിൽ അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കും. മന്ത്രി പി രാജീവ് മുഖ്യപ്രഭാഷണം നടത്തും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ മുഖ്യാതിഥിയാകും. ജനുവരി 16ന് എക്സ്പോയുടെ ഉദ്ഘാടനം ധനമന്ത്രി കെ എൻ ബാലഗോപാൽ നിർവഹിക്കും. റവന്യു വകുപ്പ് മന്ത്രി കെ. രാജൻ മുഖ്യാഥിതിയാകും. വ്യവസായി മഹാസംഗമം 17ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 18ന് നടക്കുന്ന സമാപന സമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി, ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ, തദ്ദേശ സ്വയഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് തുടങ്ങിയവരും പങ്കെടുക്കും.

ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ അന്താരാഷ്ട്ര വ്യവസായ എക്സ്പോയുടെ ഭാഗമായി ഇ.വി. ആൻഡ് ഗ്രീൻ എനർജി ഇന്ത്യ എക്സ്പോയും അരങ്ങേറും. എക്സിബിഷനിൽ വിവിധ രാജ്യങ്ങളിൽ നിന്നുൾപ്പടെ ഇതിനോടകം അറുന്നൂറോളം എക്സിബിറ്റേഴ്സും, ഇരുപതിനായിരത്തിലധികം ട്രേഡ് വിസിറ്റേഴ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി കെ.എസ്.എസ്.ഐ.എ അംഗങ്ങളായ പതിനായിരത്തിലധികം വ്യവസായികളും, കെ.എസ്.എസ്.എ.ഐ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള പതിനെട്ട് വ്യവസായഅനുബന്ധ മേഖലയിലെ വ്യവസായികളും, വ്യവസായി മഹാസംഗമത്തിന്റെ ഭാഗമാകും. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന പരിപാടിയിൽ കേന്ദ്രസംസ്ഥാന മന്ത്രിമാർ, എം.പിമാർ, എംഎൽഎമാർ, ചീഫ് സെക്രട്ടറി, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വാണിജ്യ ഡയറക്ടർ, തൃശൂർ എംഎസ്എംഇ ഡിഎഫ്ഒ ഡയറക്ടർ ഇൻ ചാർജ് ജിഎസ് പ്രകാശ്, വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥന്മാർ, വ്യവസായ ബിസിനസ് പ്രതിനിധികൾ തുടങ്ങിയവരും പങ്കെടുക്കും. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക പവലിയൻ, മേളയുടെ പ്രധാന ആകർഷണമാണ്. പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക്, മെഷിനറി നിർമ്മാതാക്കളുമായി ബന്ധപ്പെടുന്നതിനായി ഹെൽപ് ഡെസ്കുകൾ സജ്ജമാക്കും. ഇതോടൊപ്പം വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കാൻ സഹായിക്കുന്നതിനായി, വിവിധ ബാങ്കുകളുടെ ഹെൽപ്പ്ഡെസ്കുകളും ഉണ്ടാകും.




കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ പ്രത്യേക സ്റ്റാളുകളും സജ്ജീകരിക്കും. ആധുനിക രീതിയിലുള്ള ഓട്ടോമാറ്റിക് മിഷനറികൾ, എൻജിനീയറിങ്, ഫുഡ്, കെമിക്കൽ, പ്ലാസ്റ്റിക്, ഓയിൽ, ഗ്യാസ്, റബ്ബർ, കശുവണ്ടി, കാർഷിക അധിഷ്ഠിത ഉപകരണങ്ങൾ തുടങ്ങി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, ചൈന, യു.കെ., യു എസ്സ്, ജർമ്മനി, കൊറിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള അറുന്നൂറോളം പ്രമുഖ മെഷിനറി നിർമ്മാതാക്കൾ, അവരുടെ ഉത്പന്നങ്ങളും, നൂതന സാങ്കേതികവിദ്യകളും, മേളയിൽ പ്രദർശിപ്പിക്കും.

കെ. എസ്. എസ്. ഐ. എ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, ജനറൽ സെക്രട്ടറി ജോസഫ് പൈകട, ട്രഷറർ ബി. ജയകൃഷ്ണൻ, ഐ. ഐ. ഐ. ഇ ചെയർമാൻ കെ. പി. രാമചന്ദ്രൻ നായർ, വൈസ് പ്രസിഡന്റ് എ. വി. സുനിൽ നാഥ്, എക്സ്പോ സിഇഒ സിജി നായർ, ജോയിന്റ് സെക്രട്ടറിമാരായ എം. എം. മുജീബ് റഹിമാൻ, കെ. വി. അൻവർ, കെ. എസ്. എസ്. ഐ. എ ന്യൂസ് ചീഫ് എഡിറ്റർ എസ്. സലീം, പ്രോഗ്രാം കമ്മിറ്റി ചെയർമാനും പവിഴം ഗ്രൂപ്പ് ഓഫ് കമ്പനീസ് എംഡിയുമായ എൻ. പി ആന്റണി എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# നേഹ ബൽഖിസ് മിസ് ഗ്ലാം യൂണിവേഴ്സ്




**കൊച്ചി:** യുണൈറ്റഡ് അറബ് എമിറേറ്റ്സിനെ പ്രതിനിധീകരിച്ച കൊച്ചിക്കാരിയായ നേഹ ബൽഖിസ്(23) മിസ് ഗ്ലാം യൂണിവേഴ്സ് 2025 കിരീടം സ്വന്തമാക്കി. ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന അന്താരാഷ്ട്ര പേജന്റ്, പെഗാസസ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് ആണ് സംഘടിപ്പിച്ചത്. സൗന്ദര്യം, വ്യക്തിത്വം, കഴിവ്, ശാക്തീകരണം എന്നിവ മാറ്ററുരച്ച പ്രകടനത്തിൽ വിവിധ രാജ്യങ്ങളിലെ മത്സരാർത്ഥികൾ ചുവടുവെച്ചു.

മിസ് ഗ്ലാം യൂണിവേഴ്സ് 2024 ജേതാവായ തെരേസ സക്കോവ നേഹയ്ക്ക് കിരീടം അണിയിച്ചു. പുനം ചെട്രി, ഐലീന കാതറിൻ അമോൺ, തമന്ന ഭരത്, തെരേസ സക്കോവ, വർഷ റെഡ്ഡി എന്നിവരടങ്ങിയ അന്താരാഷ്ട്ര ജഡ്ജിംഗ് പാനലാണ് മത്സരത്തെ വിലയിരുത്തിയത്. ഈ കിരീടം എന്റെ വ്യക്തിപരമായ നേട്ടം മാത്രമല്ല. സ്വന്തം ജീവിതം സ്വയം നിർണ്ണയിക്കുന്ന യുവതയുടെ പുതിയ കാലഘട്ടത്തിലാണ് ഞാനുള്ളതെന്ന് പ്രധാനമാണ്, നേഹ ബൽഖിസ് പറഞ്ഞു.

# ഐക്യു 15 അവതരിപ്പിച്ചു




**കൊച്ചി:** ഹൈപെർഫോമൻസ് സ്മാർട്ട്ഫോൺ ബ്രാൻഡായ ഐക്യൂവിന്റെ പുതിയ ഫ്ളാഗ്ഷിപ്പ് മോഡലായ ഐക്യു 15 പുറത്തിറക്കി. സ്മാർട്ട്ഫോൺ ഇന്നൊവേഷനിൽ പുതിയ തരംഗം തീർക്കുന്ന ഈ ഫോൺ നിരവധി ഫീച്ചറുകളോടെ സമാനതകളില്ലാത്ത സ്മാർട്ട്ഫോൺ അനുഭവമാണ് ഉപഭോക്താക്കൾക്കായി ഒരുക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു. 12 ജിബി പ്ലസ് 256 ജിബി വേരിയന്റിന് 72,999 രൂപയും 16 ജിബി പ്ലസ് 512 ജിബി വേരിയന്റിന് 79,999 രൂപയും ആണ് ഐക്യൂഒ 15 ന്റെ വില. പ്രീമിയം ഫ്ളാഗ്ഷിപ്പ് ര് എലഗന്റ് കളർ ഓപ്ഷനുകളിൽ ലഭിക്കും

ഐക്യു 15ന് ശക്തി പകരുന്നത് സ്നാപ്ഡ്രാഗൺ 8 എലൈറ്റ് ജെൻ 5 പ്രൊസസ്സറാണ്. ആൻഡ്രോയിഡ് ഫോണുകളിൽ ആദ്യമായി അവതരിപ്പിക്കുന്ന സാംസങ് 2കെ എം 14 ലീഡ് ഒ എൽ ഇഡി ഡിസ്പ്ലേയും ഉപഭോക്താക്കളുമായി മികച്ച ബന്ധം സൂക്ഷിക്കുന്നതിനായി 5വർഷത്തെ ഒ എസ് അപ്ഡേറ്റുകളും 7വർഷത്തെ സുരക്ഷാ പിന്തുണയും ഉറപ്പാക്കുന്നു. ഗെയിമിംഗിനായി സൂപ്പർ കമ്പ്യൂട്ടിംഗ് ചിപ്പ് ക്യു3യും ഇന്ത്യയിലെ ഏറ്റവും വലിയ 8കെ വിസി കൂളിംഗ് സിസ്റ്റവും ഇതിലുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ടി. കെ കിഷോർ കുമാർ ഐ.സി.എ.ഇ വൈസ് ചെയർമാൻ



**കൊച്ചി:** സഹകരണപ്രസ്ഥാനങ്ങളുടെ ആഗോള സംഘടനയായ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസിന്റെ കാർഷിക പാരിസ്ഥിതിക കാര്യങ്ങൾക്കുള്ള ഏഷ്യാപസിഫിക് കമ്മിറ്റി (ഐ.സി.എ.ഇ) യുടെ വൈസ് ചെയർപേഴ്സണായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രതിനിധി ടി.കെ. കിഷോർ കുമാറിനെ തെരഞ്ഞെടുത്തു. ഈ ചുമതലയിൽ എത്തുന്ന ആദ്യ മലയാളിയാണ്. ഊരാളുങ്കൽ സൊസൈറ്റിയുടെ ചീഫ് പ്രൊജക്ട് കോർഡിനേറ്ററും യുഎൽ സൈബർപാർക്കിന്റെ സിഇഒയുമാണു കിഷോർ കുമാർ.

ശ്രീലങ്കൻ തലസ്ഥാനമായ കൊളംബോയിൽ ചേർന്ന സമ്മേളനമാണ് കിഷോർ കുമാറിനെ തിരഞ്ഞെടുത്തത്. പ്രൊഫ. മാഡ്യൂഡാറ്റോ അബ്ദുൽ റഹ്മാൻ അബ്ദുൽ റസാഖ് ഷെയ്ക് ആണ് പുതിയ ചെയർപേഴ്സൺ. സുസ്ഥിരകൃഷി പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാനം ഉയർത്തുക, കാർഷിക സഹകരണ സംഘങ്ങൾ വികസിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങൾ ലഘൂകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഏഷ്യപസഫിക് മേഖലയിൽ പ്രവർത്തിക്കുന്ന ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസിന്റെ പ്രാദേശിക സമിതിയാണ് ഐസിഎഇ. ന്യൂഡൽഹി ആസ്ഥാനമായ നാഷണൽ ലേബർ കോഓപ്പറേറ്റീവ് ഫെഡറേഷൻ ഓഫ് ഇന്ത്യ(എൻഎൽസിഎഫ്)യുടെ ഡയറക്ടറാണു കിഷോർ കുമാർ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളത്തിനു നേട്ടം

**കൊച്ചി:** 2024ലെ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ പ്രകാരം പുറത്തുവിട്ട ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ കേരളത്തിന് വീണ്ടും മികച്ച നേട്ടം. ഫാസ്റ്റ് മൂവേഴ്സ് വിഭാഗത്തിൽ ടോപ്പ് അച്ചീവർ സ്ഥാനത്താണു കേരളം. 99.3 ശതമാനം എന്ന മികച്ച സ്കോർ നേടിയാണു കേരളം ഈ നേട്ടത്തിലെത്തിയത്.

നിർദേശിക്കപ്പെട്ട 34 പരിഷ്കരണ മേഖലകളിൽ 30 എണ്ണവും വിജയകരമായി നടപ്പാക്കാൻ കേരളത്തിനു സാധിച്ചു. ഇതിൽ നാലു മേഖലകളിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനം നേടാനും കഴിഞ്ഞു.

റാങ്കിംഗിൽ നേട്ടം കൈവരിക്കാനായതു സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപമെത്താൻ സഹായിക്കുമെന്ന്




ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ വിലയിരുത്തി. ഭരണനിർവഹണം, സുതാര്യത, നിക്ഷേപകർക്കുള്ള സൗകര്യങ്ങൾ എന്നിവയിൽ സംസ്ഥാനം കൈവരിച്ച മികച്ച പുരോഗതിയാണ് ഈ റാങ്കിംഗ് പ്രതിഫലിപ്പിക്കുന്നതെന്ന് ഫിക്കി വിലയിരുത്തി.

22 സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിത പ്രവർത്തനമാണു കേരളത്തിന്റെ ഈ മുന്നേറ്റത്തിനു പിന്നിലെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ വി.പി. നന്ദകുമാർ പറഞ്ഞു.

സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതി, ഹൈടെക് നിർമാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള എംഎസ്എംഇ മിഷൻ 1000 സ്കെയിൽഅപ്പ് മിഷൻ, വിവിധ സുസ്ഥിരതാ കാമ്പയിനുകൾ എന്നിവയെല്ലാം റാങ്കിംഗിൽ ഗുണകരമായെന്ന് ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ കോചെയർമാൻ തോമസ് ജോൺ ചൂണ്ടിക്കാട്ടി.

# വിഴിഞ്ഞത്തിന് വൻ നേട്ടം; ഇമിഗ്രേഷൻ ചെക്പോസ്റ്റിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ അംഗീകാരം

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തെ ഇമിഗ്രേഷൻ ചെക്പോസ്റ്റിന് (ഐസിപി) കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ അംഗീകാരം. ഇതോടെ കടൽ വഴിയുള്ള രാജ്യാന്തര യാത്രക്കാരുടെ സമുദ്രാതിർത്തികളിലൊന്നായി വിഴിഞ്ഞം മാറി. തുറമുഖ പരിധിവിട്ടു പുറത്തിറങ്ങാനുള്ള തടസ്സം നീങ്ങിയതോടെ ക്രൂ ചേഞ്ചിങ് സാധ്യമാകും.

ഇതു തിരുവനന്തപുരത്തിന്റെ 'ഹോസ്പിറ്റാലിറ്റി' രംഗത്തുണ്ടാക്കുന്ന ഉണർവ് ടൂറിസത്തിനും ഗുണം ചെയ്യും. തുറമുഖം വാണിജ്യപ്രവർത്തനം തുടങ്ങിയിട്ട് ഒരു വർഷം പൂർത്തിയാകാൻ രണ്ടാഴ്ച ശേഷിക്കെയാണ് ഐസിപി അംഗീകാരം. ഗുജറാത്തിലെ 2 തുറമുഖങ്ങൾക്കൊപ്പമാണു വിഴിഞ്ഞത്തിനും കേന്ദ്രാനുമതി നൽകിയത്. രാജ്യാന്തര സമുദ്രയാത്രികർക്ക് ഇന്ത്യയിൽ പ്രവേശിക്കാൻ കഴിയുന്ന തുറമുഖങ്ങളുടെ എണ്ണം ഇപ്പോൾ 37 ആയി.

ഐസിപിക്കുള്ള 2000 ചതുരശ്രയടി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും വളരെ നേരത്തേതന്നെ വിഴിഞ്ഞം ഇന്റർനാഷനൽ സീപോർട്ട് ലിമിറ്റഡ്(വിസിൽ) പൂർത്തിയാക്കിയിരുന്നെങ്കിലും കേന്ദ്രാനുമതി വൈകിയിരുന്നു. ദേഹപരിശോധന നടത്തുന്നതിനു പ്രത്യേക മുറികൾ ഉൾപ്പെടെയുള്ള ഏതാനും മാറ്റങ്ങൾകൂടി സെപ്റ്റംബറിൽ നിർദേശിച്ചു. ഈ സജ്ജീകരണങ്ങൾ കൂടി ഒരുക്കിയതോടെയാണു കേന്ദ്രാനുമതി.

നിലവിൽ വിഴിഞ്ഞത്തെത്തുന്ന കപ്പലുകളിലെ ജീവനക്കാരെ ആശുപത്രി ആവശ്യങ്ങൾക്കും മറ്റുമായി അടിയന്തര സാഹചര്യങ്ങളിൽ മാത്രമാണു തുറമുഖ പരിധി വിടാൻ അനുവദിച്ചിരുന്നത്. ഇനി അംഗീകൃത യാത്രക്കാരിൽ ആർക്കു വേണമെങ്കിലും ആവശ്യമായ പരിശോധനകൾക്കു ശേഷം പുറത്തിറങ്ങാം.

തുറമുഖവികസനത്തിന്റെ അടുത്തഘട്ടം പൂർത്തിയാകുമ്പോൾ ബെർത്ത് സൗകര്യം വിപുലീകരിക്കും. ഇതിനു ശേഷം യാത്രക്കപ്പലുകൾക്കും അടുക്കാനാകും. ആഘട്ടത്തിൽ ഒരേസമയം 2000 പേർ വരെ വിനോദസഞ്ചാരത്തിനായി കരയ്ക്കിറങ്ങും.

തുറമുഖത്തെത്തുന്ന കണ്ടെയ്നറുകൾ പുറത്തേക്കു നീക്കുന്നതിനു 'കാർഗോ മൂവ്മെന്റ്' അനുമതി നേരത്തേ തന്നെയുണ്ട്. എന്നാൽ ലോജിസ്റ്റിക്, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, ട്രക്ക് ടെർമിനൽ, വെയർഹൗസ് സൗകര്യങ്ങളൊന്നും പൂർത്തീകരിച്ചിട്ടില്ലെന്നതാണു തടസ്സം. റോഡ് നിർമാണം ഏതാണ്ടു പൂർത്തീകരിച്ചിട്ടുണ്ട്.

തുറമുഖം വാണിജ്യ പ്രവർത്തനം ആരംഭിച്ചതിന്റെ ഒന്നാം വാർഷികം ഡിസംബർ 3നാണെങ്കിലും തിരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടമുള്ളതിനാൽ വാർഷികാഘോഷം ഇപ്പോഴില്ല. ജനുവരിയിൽ രണ്ടാംഘട്ടത്തിന്റെ നിർമാണോദ്ഘാടനവും വാർഷികാഘോഷവും ഒരുമിച്ചു നടത്താനാണു സർക്കാർ ആലോചന.

# അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റ്

**കോലഞ്ചേരി:** കോലഞ്ചേരി കെ.സി.സി സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സി.വി. ജേക്കബ് മെമ്മോറിയൽ സിന്തെറ്റ് കപ്പിനു വേണ്ടിയുള്ള അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റ് ഈ മാസം 30 മുതൽ മുതൽ ഡിസംബർ ആറുവരെ കോലഞ്ചേരി സെന്റ് പിറ്റേഴ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നടക്കുമെന്ന് സംഘാടക സമിതി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കേരളത്തിലെ പ്രമുഖ ക്ലബ്ബുകൾ ആയ എട്ട് ടീമുകൾ മത്സരത്തിൽ മാറ്റുരയ്ക്കും. കൂടാതെ 19 വയസ്സിൽ താഴെയുള്ള കോലഞ്ചേരിക്ക് സമീപത്തുള്ള വിവിധ സ്കൂളുകളിൽ നിന്നുള്ള 8 ടീമുകളുടെ മത്സരവും നടക്കും.

എല്ലാദിവസവും വൈകിട്ട് 6 മണിക്ക് കുട്ടികളുടെ മത്സരവും 8 മണിക്ക് പ്രൊഫഷണൽ മത്സരങ്ങളും ആണ് നടക്കുക. നവംബർ 30 ന് ഏലിയാമ്മ ജേക്കബ് മൽസരം ഉദ്ഘാടനം ചെയ്യും. കുന്നത്തുനാട് എം.എൽ.എ. പി. വി ശ്രീനിജൻ, സിന്തെറ്റ് ഗ്രൂപ്പ് ചെയർമാൻ ഡോക്ടർ വിജു ജേക്കബ്, സിന്തെറ്റ് ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ അജു ജേക്കബ്, ഫാദർ ജേക്കബ് കുര്യൻ (ചെയർമാൻ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂൾ ബോർഡ്), സി.ജി രതീഷ് (ചീഫ് മാനേജർ കേരള ഗ്രാമിണ ബാങ്ക്), അഡ്വ. മാത്യു പി. പോൾ (മാനേജർ, കോലഞ്ചേരി സെന്റ് പിറ്റേഴ്സ് സ്കൂൾ) തുടങ്ങിയവർ സംസാരിക്കും. ഉദ്ഘാടനദിവസം ആസ്റ്റർ മെഡിസിറ്റി ബെനിഫിക്ക കൊടുങ്ങല്ലൂരും പ്ലേ ബോയ് തൃശൂരും തമ്മിൽ ഏറ്റുമുട്ടും, എഫ് സി കാലിക്കറ്റ്, ബേസിക് പെരുമ്പാവൂർ, അറേബ്യൻ പാലസ് ഇടപ്പിള്ളി , ചീനിക്കാസ് ചാലക്കുടി, സ്പോർട്സ് സ്റ്റോർ കോലഞ്ചേരി, യൂണിവേഴ്സൽ കളമശ്ശേരി എന്നിവയാണ് ടൂർണമെന്റിൽ പങ്കെടുക്കുന്ന മറ്റു ടീമുകൾ.

സെന്റ് ജോസഫ് എച്ച്. എസ്. എസ് കിഴക്കമ്പലം, മാർ സ്റ്റീഫൻ എച്ച്. എസ്. എസ് വാളകം, സെന്റ് പീറ്റേഴ്സ് എച്ച്. എസ്. എസ് കോലഞ്ചേരി, തർബിയത് എച്ച്. എസ്, മൂവാറ്റുപുഴ, ആർ. എം. എച്ച്. എസ്, വടവുകോട്, ഗവണ്മെന്റ് എച്ച്. എസ്. എസ് കടയിരുപ്പ്, മാർ കുറിലോസ് പട്ടിമറ്റം, എബനേസർ എച്ച്. എസ്. എസ് വീട്ടൂർ എന്നിവരാണ് അണ്ടർ 19 സ്കൂൾ ടീമുകൾ.

കെ.സി.സി സ്പോർട്സ് ക്ലബ് പ്രസിഡന്റ് ജോജി എളൂർ, ട്രഷറർ എം.പി ബെന്നി, വൈസ് പ്രസിഡന്റ് ഷാജു പോൾ, നിബു പീറ്റർ, തോമസ് എളു സുനിൽ ജോർജ്, ബേസിൽ പോൾ എന്നിവർ പങ്കെടുത്തു.

# ഏജ്‌വെൽ; വെൽനെസ്സ് സെന്റർ തുറക്കുന്നു

**കൊച്ചി:** സംരംഭകയായ തനൂറ ശ്വേതാ മേനോൻ, വെൽനെസ്സ് ഐക്കണും ഫിറ്റ്നെസ് ചാമ്പ്യനുമായ സുനിൽ ഷെട്ടിയുമായി ചേർന്ന് 40 വയസിന് മുകളിലുള്ളവർക്കായി പ്രത്യേകമായി രൂപകൽപന ചെയ്ത വെൽനസ് സെന്റർ തുറക്കുന്നു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്തുള്ള അത്താണിയിൽ ഏജ്‌വെലിന്റെ കോർപ്പറേറ്റ് ആസ്ഥാനം തുറന്നു. ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു. ഏജ്‌വെൽ എന്ന പേരിലുള്ള ഈ സെന്റർ ആന്റീഏജിങ് ഉൽപന്നങ്ങളും, ഹെൽത്തി ഏജിങ് സൊല്യൂഷനുകളും, സമാനമായ കമ്മ്യൂണിറ്റി പ്ലാറ്റ്ഫോമുകളും സംയോജിപ്പിച്ചുകൊണ്ടുള്ള ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ വെൽനെസ് സംരംഭമാണ്. മിത്‌ലാജ്, ഷാഹിൻ ഫർസീൻ എന്നിവരാണ് സഹസ്ഥാപകർ. കൊച്ചി, മുംബൈ, ബെംഗളൂരു, ഹൈദരാബാദ്, മാലിദ്വീപ് എന്നിവിടങ്ങളിൽ ഫ്‌ളാഗ്ഷിപ്പ് വെൽനസ് എക്സ്പീരിയൻസ് സ്റ്റുഡിയോകൾ, ആമസോൺ, ഫ്ളിപ്കാർട്ട്, ക്യൂകോം എന്നിവയിലെ 30 പ്രീമിയം പാർട്ണർ ടച്ച് പോയിന്റുകൾ, ഡിജിറ്റൽ ഇകൊമേഴ്സ് സാനിധ്യം എന്നിവയിലൂടെയാണ് ഏജ്‌വെൽ അരങ്ങേറ്റം കുറിക്കുന്നത്.

1012 ഫ്‌ളാഗ്ഷിപ്പ് സ്റ്റുഡിയോകളും രാജ്യവ്യാപകമായി നൂറിലേറെ പാർട്ണർ ലൊക്കേഷനുകളും ആദ്യ വർഷത്തിൽ തുറക്കും. ശാസ്ത്ര പിന്തുണയുള്ള ന്യൂട്രാസ്യൂട്ടിക്കൽസ്, ഡിജിറ്റൽ വെൽനസ് കമ്മ്യൂണിറ്റി പ്ലാറ്റ്ഫോമുകൾ, ആരോഗ്യ പ്രശ്നങ്ങൾ മുൻകൂറായി കണ്ടറിഞ്ഞ് തടയാനുള്ള മാർഗങ്ങൾ, പ്രായമായവരുടെ ആവശ്യങ്ങൾക്കനുസൃതമായി നിർമിച്ചിരിക്കുന്ന വാസസ്ഥലങ്ങൾ എന്നിവ കോർത്തിണക്കുന്ന ഒരു സംയോജിത സമീപനത്തിലൂടെ തളർച്ചയിലേക്കു നീങ്ങുന്ന വാർധക്യത്തെ ഒരാഘോഷമാക്കി മാറ്റുകയാണ് ഏജ്‌വെൽ സെന്ററിന്റെ ലക്ഷ്യമെന്ന് തനൂറ ശ്വേത മേനോൻ പറഞ്ഞു. നമ്മുടെ അതിസമ്പന്നമായ ആയുർവേദ പൈതൃകത്തെ ആധുനിക ശാസ്ത്രവുമായി സംയോജിപ്പിച്ച്, യഥാർഥ ജീവിതത്തിന് അനുയോജ്യമായ ദിനചര്യകൾ സൃഷ്ടിക്കുന്ന ഒരു ആരോഗ്യക്ഷേമ പ്രസ്ഥാനമാണ് ഞങ്ങൾ കെട്ടിപ്പടുക്കുന്നതെന്ന് സുനിൽഷെട്ടി പറഞ്ഞു. വിവിധ ഉത്പന്നങ്ങൾക്ക പുറമേ, 40 വയസിനു മുകളിലുള്ളവർക്ക് മാത്രമായി രൂപകൽപന ചെയ്ത ഇന്ത്യയിലെ ആദ്യത്തെ ഡ്യുവൽപ്ലാറ്റ്ഫോം ഡിജിറ്റൽ എക്കോസിസ്റ്റവും ഏജ്‌വെൽ അനാച്ഛാദനം ചെയ്തിട്ടുണ്ട്.

